

ബാലറ്റ് പെട്ടിയിൽ വേവുന്ന വോട്ടുകൾ (കവിത)

- ജോസ് വിളയിൽ -

ബാലറ്റ് പെട്ടിയിൽ വേവുന്നു വോട്ടുകൾ,
ഇനി വിളമ്പാൻ വെറും തുച്ഛമാം നാളുകൾ
ഉള്ളിൽ കിടന്നു തിളയ്ക്കുന്ന വോട്ടുകൾ
തമ്മിൽ കലഹിച്ചു കൂട്ടുന്നു നിശ്ചയം .

താമര, കൈപ്പത്തി, അരിവാള് ചുറ്റിക
പിന്നെ കുറെ ചിലതു പേരിന്നു വേണ്ടിയും.
ഓരോരോ സ്ഥാനാർഥി വിളംബരം ചെയ്യുന്നു
അവർക്കാണ് പോലുമതിലേറെയും വോട്ടുകൾ.

കൈപ്പത്തി ചൊല്ലുന്നു ഞാനാണിന്നേവരേം
ഒന്നിപ്പാനുത്തമം, താമരെ നീ വന്നാൽ നാശമല്ലോ

താമര കൈപത്തിയോടായി ചൊല്ലുന്നു
ഇല്ലില്ല കേട്ടില്ലേ ശംഖുനാദധ്വനി നാനാദിശ-
യിലും ജാതീയ ചിന്ത ഞാൻ ചേർത്തതല്ലേ.
പിന്നെ എന്റെ സ്ഥാനാർഥിക്കാ ഭരതരാജ്യം.
അഴിമതി കരിഞ്ചന്ത സ്വാർത്ഥ മോഹം തൻ ലാഭം
ഇവയുള്ള നിന്നണികൾ മുഖാന്തിരം നീയന്നു തോറ്റതല്ലേ
ഇനി നിനക്കാവുമോ ചൊല്ലുവാൻ ഇവയെല്ലാം മാറ്റി
നിറുത്തി വരുതിവരച്ചഴലില്ലാതിന്ത്യ ഭരിക്കുമെന്ന്

താമരെ നിന്നിലോ ലക്ഷ്മിയില്ല , സരസ്വതിയും-
നാടിൻ ഐശ്വര്യവുമില്ല, ധന, വിദ്യ പോലും.
മതരാഷ്ട്രമാവതു നല്ലതല്ല നാടിന്നൊരുമയില്ല
കാരണം. ഉച്ച നീചത്വവും തീണ്ടും തൊടീലുമായ്
പലജാതി തിരിച്ചു നീ നാടിന്നെ പണ്ടേ മുറിച്ചതല്ലേ.
അവതാരം പത്തിലതൊന്നിനെ മാറ്റി നീ ബുദ്ധനെ
ചേർക്കിലും ദളിതന്റെ വോട്ട് നീ നേടിടുമോ?

അപ്പോളാ അരിവാള് ചുറ്റിക പണിയായുധം ചൊല്ലി
നൽകില്ലിനി ഞങ്ങൾതൻ ജാതിക്കതീതമീ കർമ്മ ഭൂമി.
ഇൻകിലാബ് എന്നും വിളിച്ചങ്ങുയർച്ച തടഞ്ഞിടും.
എങ്ങനേം കേന്ദ്രം ഭരിക്കാനൊരിക്കലും കഴികയില്ല.

കെട്ടിവെച്ച പണം പോലുമൊ നഷ്ടമെന്നോർക്കവെ മറ്റ്
ചിഹ്നങ്ങളും മുറവിളികൂട്ടിയിട്ടക്ഷമരായങ്ങു കേണിടുന്നു,
ഞങ്ങടെ ആവശ്യം ആരുകേൾക്കാൻ ഇനി ഞങ്ങളെ
സ്നേഹിച്ച സമ്മതിദായകരോടിനിയന്നെന്തു ചൊല്ലും

എല്ലാം സഹിച്ചിട്ടാ വോട്ടുകൾ ചൊല്ലുന്നു പെട്ടി തുറന്നു വിട -
പറയും മുൻപേ നമ്മൾ മിച്ചം ദിനമീ പെട്ടിയിലെങ്കിലും,
ശാന്തി സമാധാനം കൈവിടാതൊരുമയോടതുവരെ നാടിന്റെ -
നന്മയ്ക്കായ് വോട്ടുചെയ്തേവർക്കുമൊരു നന്ദി കരേറ്റിട്ടങ്ങു
കാത്തിരിക്കാം

എന്നിട്ടൊരു ദീർഘ നിശ്വാസം പോലവർ ഒരുമിച്ചുചൊല്ലി;
"ഇനിയാര് കണ്ടിതുപോലെ ..."

- ജോസ് വിളയിൽ -